# SREE PADMANABHA SWAMY TEMPLE

**MATHILAKAM OFFICE, NORTH NADA, FORT, THIRUVANANTHAPURAM – 695023**
**Phone: 0471 2450233, 2450031 ; Fax: 0471 2450233**
**Website: www.spst.in; E-mail: eospsttvpm@gmail.com**


14.05.2024

File No.C2/2024/SPST/0293

## റീ ടെണ്ടർ

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024 2025 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ താഴെ വിവരിക്കുന്ന സാധനങ്ങളുടെ റീടെണ്ടർ ചുവടെ നൽകുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 23.05.2024 വൈകുന്നേരം 4 മണിവരെ ആകുന്നു. താഴെ പറയുന്ന പട്ടികയിൽ സൂചിപിച്ചിട്ടുള്ള തീയതികളിലും സമയത്തിലും അപ്പോൾ ഹാജരായിട്ടുള്ള ടെണ്ടർ സമർപിച്ചിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുനതായിരിക്കും.

| നം | ഇനം | ടെണ്ടർ തുറക്കുന്ന തീയതി | ടെണ്ടർ തുറക്കുന്ന സമയം | നിരത ദ്രവ്യം അടയ്ക്കേണ്ട തുക |
|---|---|---|---|---|
| 1 | പൂത്തട്ടിലേക്കാവശ്യമായ പാളത്തട്ട് സപ്ലൈ ചെയ്യുന്നതിന് | 24.05.2024 | രാവിലെ 11 മണി | 1500/- |
| 2 | ക്ലോക്ക് റൂം, അർചന വഴിപാട് രസീതുകൾ പ്രിന്റ് ചെയ്യുന്നതിന്. | 24.05.2024 | രാവിലെ 12 മണി | 10,000/- |

## ടെണ്ടർ നിബന്ധനകൾ

1. ടെണ്ടർ സമർപ്പിക്കുന്നവർ ഹിന്ദു മതസ്ഥരായിരിക്കണം.
2. ക്ഷേത്ര സുരക്ഷയ്ക്ക് വിരുദ്ധമായ യാതൊരു പ്രവൃത്തിയും ടെണ്ടർ ലഭിക്കുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല.
3. ക്ഷേത്രത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ മാത്രമേ ടെണ്ടറുകൾ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ സ്വീകരിക്കുന്നതല്ല.
4. ടെണ്ടർ ഫോമിനോടൊപ്പം വോട്ടർ ഐഡി, ആധാർ കാർഡ് മുതലായവയിൽ ഏതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി വെച്ചിരിക്കണം.
5. സീൽ ചെയ്ത കവറിൽ മാത്രമേ ടെണ്ടർ സമർപ്പിക്കുവാൻ പാടുള്ളൂ. കവറിന് പുറത്ത് ഏത് ടെണ്ടർ ആണ് സമർപ്പിക്കുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
6. ക്ഷേത്രം ജീവനക്കാരോ, ക്ഷേത്രം ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ടെണ്ടറിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

7. ടെണ്ടർ സ്വീകരിക്കുന്നതിന് ഏററവും കുറഞ്ഞ/കൂടിയ തുക മാത്രമായിരിക്കില്ല മാനദണ്ഡം. ഗുണനിലവാരം കൂടി പരിഗണിച്ചായിരിക്കും ടെണ്ടർ സ്ഥിരപ്പെടുത്തുന്നത്.
8. എന്തെങ്കിലും കാരണവശാൽ ക്ഷേത്ര താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, സാധനങ്ങൾ സപ്ലൈ ചെയ്യാൻ കാലതാമസം വരുത്തുകയോ, അംഗീകൃത സാമ്പിളിൽ നിന്നും ഗുണനിലവാരത്തിൽ കൃത്രിമം കാണിക്കുകയോ ചെയ്താൽ ടെണ്ടർ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ടെണ്ടർ റദ്ദു ചെയ്യുന്നതാണ്.
9. ഈ ടെണ്ടർ സംബന്ധമായി ടെണ്ടർ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പരിപൂർണ്ണമായ അവകാശം ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
10. സപ്ലൈ ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും ടാക്സ് ഉൾപ്പെടെയുള്ള വില ക്വാട്ട് ചെയ്ത് ആയിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്.
11. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന ടെണ്ടറുകൾ പരിശോധനയിൽ തന്നെ തള്ളുന്നതായിരിക്കും. ഒന്നാമത്തെ ആൾ ടെണ്ടർ നിരസിക്കുകയോ ഏറെറടുക്കാൻ തയ്യാറാവാതിരിക്കുകയോ ചെയ്യുന്നപക്ഷം ടിയാന്റെ നിരത ദ്രവ്യം ക്ഷേത്രത്തിലേക്ക് മുതൽ കൂട്ടുന്നതും അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഓഫീസർ തീരുമാനിക്കുന്നതുമായിരിക്കും വ്യക്തതയില്ലാത്തതും അപൂർണ്ണവുമായ ടെണ്ടറുകൾ പരിശോധനയിൽ തന്നെ നിരസിക്കുന്നതായിരിക്കും.
12. എക്സിക്യൂട്ടീവ് ഓഫീസർ എടുക്കുന്ന നിലപാട് അന്തിമമായിരിക്കും.
13. ഈ നിബന്ധനകൾ അംഗീകരിച്ച് ഒപ്പിട്ട് നിരതദ്രവ്യം ഡി.ഡിയായി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടെണ്ടർ നിരസിക്കുന്നതായിരിക്കും.

മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരമുള്ള നിരതദ്രവ്യം ഡി.ഡി(ഡിമാന്റ് ഡ്രാഫ്ററ്) '<u>എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം</u>' എന്ന പേരിൽ ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ടെണ്ടർ നിബന്ധനകളെക്കുറിച്ചും മററ് കൂടുതൽ വിവരങ്ങൾക്കും ക്ഷേത്രം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

പകർപ്പ്: വെബ്സൈററ്, നോട്ടീസ് ബോർഡ് നാലു നടകളിലും